## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1654** — **04.12.2015 ൽ മറുപടിയ്ക്ക്**

## റബ്ബർ കർഷകർക്ക് സമാശ്വാസ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.യു. കുരുവിള : | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ കർഷകരെ സഹായിക്കുവാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്ന് നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബർ സംഭരണം നടത്തിയിട്ടുള്ളത്.<br>റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.<br>റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | റബ്ബർ ഉൾപ്പെടെ പ്ലാന്റേഷൻ മേഖല നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുവാൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) & (സി) | ഇപ്പോൾ പരിഗണനയിലില്ല |
| (സി) | റബ്ബർ കർഷകർക്കും റബ്ബർ മേഖലയുമായി ബന്ധപ്പെട്ട മറ്റ് തൊഴിലാളികൾക്കും പുതിയ സമാശ്വാസ പദ്ധതി പ്രഖ്യാപിക്കുമോ? | | |

സെക്ഷൻ ഓഫീസർ